യോഗത്തിന് വേണ്ടിയും നിയുക്ത പോലീസ് കോൺസ്റ്റബിൾമാരുടെ പാസ്സിംഗ് ഔട്ട് പരേഡിനായി 21.10.99 മുതൽ 2.11.99 വരെയും സ്റ്റേഡിയം അനുവദിച്ചു നൽകിയിട്ടുണ്ട്.

(ഡി) 4.6.1993-ലെ ജി.ഒ.(ആർ.ടി) നമ്പർ 2023/93/പൊ.വി. പ്രകാരം റിപ്പബ്ലിക്ദിന സ്വാതന്ത്ര്യ ദിനാഘോഷങ്ങൾക്ക് ഒഴികെ തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയം സ്പോർട്സ് ആവശ്യത്തിനു മാത്രമേ അനുവദിക്കുകയുള്ളു എന്ന ഉത്തരവ് നിലവിലുണ്ട്.

17 (183) പണി നടന്നുകൊണ്ടിരിക്കുന്ന വൻകിട ജലസേചന പദ്ധതികൾ

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതൊക്കെ വൻകിട ജലസേചനപദ്ധതികളുടെ പണിയാണ് നടന്നുവരുന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിൽ ഏതൊക്കെ പദ്ധതികൾക്ക് പണി ആരംഭിക്കുന്നതിന് മുമ്പ് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്; ഇങ്ങനെ കേന്ദ്രാനുമതി ലഭിക്കാതെ ആരംഭിച്ച പണികൾ ഏതെല്ലാം;

(സി) കേന്ദ്രാനുമതി ലഭിക്കാതെ പണി ആരംഭിച്ചു എന്ന കാരണത്താൽ ആർക്കെങ്കിലും എതിരെ കേസ് നിലവിലുണ്ടോ;

(ഡി) എങ്കിൽ ഏതൊക്കെ പദ്ധതികളിൽ ആർക്കെല്ലാമെതിരെ കേസ് നിലവിലുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പഴഞ്ഞി, കുതിരാകുടി, കാരപ്പാറ, ഇടമലയാർ, കല്ലട, മൂവാറ്റുപുഴ എന്നീ വൻകിട ജലസേചന പദ്ധതികളുടെ പണികളാണ് ഇപ്പോൾ നടന്നു വരുന്നത്.

(ബി) ഇതിൽ ഒരു പദ്ധതിയിലും പണി ആരംഭിക്കുന്നതിനുമുമ്പ് കേന്ദ്ര ജല കമ്മീഷന്റെ അംഗീകാരം ലഭിച്ചിരുന്നില്ല.

(സി) നിലവിലില്ല.

(ഡി) ഉദിക്കുന്നില്ല.

18 (184) നിർമ്മാണത്തിലിരിക്കുന്ന വൻകിട ജലസേചന പദ്ധതികൾ

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർമ്മാണത്തിലിരിക്കുന്ന വൻകിട ജലസേചന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന പദ്ധതികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് അറിയിക്കുമോ;

(സി) നിർമ്മാണം പൂർത്തിയാക്കിയ പദ്ധതികൾക്ക് ഓരോന്നിനും എന്ത് തുക വീതമായിട്ടുണ്ടെന്ന് അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സംസ്ഥാനത്ത് ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന പദ്ധതികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു എന്ന് വെളിപ്പെടുത്തുമോ;

(ഇ) നിർമ്മാണത്തിലുള്ള പദ്ധതികൾക്കുവേണ്ടി ഇതുവരെ എന്ത് തുക ചെലവായിട്ടുണ്ടെന്ന് അറിയിക്കുമോ;

(എഫ്) പദ്ധതികളുടെ പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിന് ഉന്നതതല സമിതിയെ നിയോഗിക്കുമോ?

ഉത്തരം

(എ) കേന്ദ്ര ഗവണ്മെന്റ്, നബാർഡ് എന്നിവരിൽ നിന്നും സാമ്പത്തികസഹായം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ പദ്ധതികളുടെ പ്രവർത്തനപുരോഗതി വിലയിരുത്തി ആവശ്യാനുസരണം ഫണ്ട് ലഭ്യമാക്കി നിർദ്ദിഷ്ട കാലയളവിൽ പണികൾ പൂർത്തിയാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) വിശദവിവരം അനുബന്ധം 1 ആയി †ചേർത്തിട്ടുണ്ട്.

(സി) അനുബന്ധം-2 ൽ ചേർത്തിട്ടുണ്ട്. †

(ഡി)&(ഇ) അനുബന്ധം -1 ൽ ചേർത്തിട്ടുണ്ട്. †

(എഫ്) ഇപ്പോൾ ആലോചനയിലില്ല. †

19 (185) പൂത്തറയ്ക്കലിൽ ആരംഭിച്ചിട്ടുള്ള ലിഫ്റ്റ് ഇറിഗേഷൻ പ്രവർത്തനം

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർപ്പു മണ്ഡലത്തിൽ പൂത്തറയ്ക്കലിൽ ആരംഭിച്ചിട്ടുള്ള ലിഫ്റ്റ് ഇറിഗേഷൻ നിർമ്മാണ പ്രവർത്തനം എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയും;

(ബി) ഇതിന്റെ പ്രവർത്തനം തുടങ്ങുന്നതിന് എന്താണ് തടസ്സമെന്ന് അറിയിക്കുമോ;

(സി) വല്ലച്ചിറ ലിഫ്റ്റ് ഇറിഗേഷൻ, മൂക്കുന്ന് ലിഫ്റ്റ് ഇറിഗേഷൻ, തെരുവില്ലേരി ലിഫ്റ്റ് ഇറിഗേഷൻ, വെങ്ങണിശ്ശേരി ലിഫ്റ്റ് ഇറിഗേഷൻ എന്നിവയുടെ എസ്റ്റിമേറ്റ് പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ;

(ഡി) ഇതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഇ) വല്ലച്ചിറ ലിഫ്റ്റ് ഇറിഗേഷന്റെ പ്രവർത്തനം ഈ സാമ്പത്തിക വർഷം തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ പദ്ധതിയുടെ ഇലക്ട്രിക് കണക്ഷൻ ഒഴികെയുള്ള നിർമ്മാണ പ്രവർത്തികൾ മാർച്ച് 2000ന് മുമ്പ് പൂർത്തിയാക്കാൻ കഴിയുന്നതാണ്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly